:

# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.782** **10.06.2019-ൽ മറുപടിയ്ക്ക്**

**ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പുകൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പുകൾ എന്നിവയുടെ വർദ്ധനവിനും വിതരണത്തിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം 25.06.16 -ലെ സ.ഉ(എം.എസ്) നം.43/2016/പജപവവിവ പ്രകാരം സംസ്ഥാനത്തെ പ്രീമെട്രിക് പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും 25% വർദ്ധിപ്പിച്ചുത്തരവായിരുന്നു. തുടർന്ന് 23.07.16 -ലെ സ.ഉ(പി) നം.4/2016/പജ.പവ.വിവ ഉത്തരവുകൾ പ്രകാരം വർദ്ധിപ്പിച്ച നിരക്ക് അതിന്റെ അടുത്ത 10 ലേക്ക് ക്രമപ്പെടുത്തിയും ഉത്തരവായിരുന്നു. ടി വർദ്ധിപ്പിച്ച നിരക്കിൽ നിന്നും 20% കൂടി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. എല്ലാ ആനുകൂല്യങ്ങളും ഫലപ്രദമായും സമയബന്ധിതമായും വിതരണം ചെയ്യുന്നതിനായി ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത ഇനങ്ങളിൽ വരുത്തിയ വർദ്ധനവിന്റെ വിശദവിവരം ലഭ്യമാക്കുമോ; | | |
| (സി) | ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പുകൾ എന്നിവയിൽ നിലവിൽ കുടിശ്ശികയുണ്ടോ യെന്നും, വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ക്ലെയിമുകൾ ലഭ്യമാകുന്ന മുറക്ക് സമയബന്ധിതമായി വിതരണം ചെയ്തു വരുന്നു. ടിയിനത്തിൽ നിലവിൽ കുടിശ്ശിക ഇല്ല. |

**സെക്ഷൻ ഓഫീസർ**